(സി) ഇതിന് നഷ്ടപരിഹാരം നൽകുവാൻ ഗവൺമെന്റ് നടപടി എടുക്കുമോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കോളേജിലെ ജനാലകൾ, വെന്റിലേറ്ററുകൾ നോട്ടീസ് ബോർഡുകൾ എന്നിവ തല്ലിത്തകർക്കുകയും ചില്ലുകൾ പൊട്ടിക്കുകയും ചെയ്തു എന്ന വിവരം ലഭിച്ചിട്ടുണ്ട്.

(ബി) ഏകദേശം 25,000 രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു.

(സി) എസ്.എൻ. കോളേജ് സമരത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. അന്തിമ തീരുമാനം ആയിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

ലക്ചറർമാർ, റീഡർമാർ, പ്രൊഫസർമാർ തുടങ്ങിയവരുടെ നിയമനം

32 (1268) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ജി.സി ആനുകൂല്യങ്ങൾ പുതുക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ സർവ്വ കലാശാലകളിലേയ്ക്കും, കോളേജുകളിലേയ്ക്കും പുതുതായി ലക്ചറർമാർ, റീഡർമാർ, പ്രൊഫസർമാർ എന്നിവരെ നിയമിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ചേർത്തിട്ടുണ്ടോ ;

(ബി) എങ്കിൽ എപ്രകാരമെന്നു വിശദീകരിക്കുമോ ;

(സി) ഇല്ലാത്തപക്ഷം അതിനുവേണ്ട വ്യവസ്ഥകൾ ചേർക്കുമോ ?

ഉത്തരം

(എ) എല്ലാതലത്തിലുള്ള അദ്ധ്യാപകരേയും പുതിയതായി നിയമിക്കുന്നതു സംബന്ധിച്ചും അവർക്കുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയെ സംബന്ധിച്ചും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി&സി) 21-12-1999-ലെ ജി.ഒ(പി)നമ്പർ.171/99/ഉവിവ. ഉത്തരവിലെ 6.1 മുതൽ 6.19 വരെയുള്ള ഖണ്ഡികകളിൽ ഇതിന്റെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കോളേജുകളിൽ ശനിയാഴ്ച പ്രവൃത്തി ദിവസം

33 (1273) ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാ രാഘവൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എഴുകോൺ നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly